# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2250 — 11.06.2018 — ൽ മറുപടിക്ക്

## ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം കുറ്റമറ്റതാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ് :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര റേഷൻ കടകളിൽ ഇ-പോസ് മെഷീൻ ലഭ്യമാക്കി അരിവിതരണം നടത്തുന്നുണ്ട്; | (എ) യും (ബി) യും (സി) യും നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും 2018 മെയ് മാസം മുതൽ ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. ഒരു മൊബൈൽ കണക്ടിവിറ്റിയും ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തിരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടു വന്ന മെഷീനുകൾ മാറ്റി അടിയന്തിരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്. |
| (ബി) മതിയായ തോതിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതുകൊണ്ട് അപൂർവ്വം ചില ഇടങ്ങളിൽ റേഷൻ വിതരണം ചില ദിവസങ്ങളിൽ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) കൃത്രിമത്വവും കള്ളത്തരവും പരമാവധി ഇല്ലായ്മ ചെയ്യാൻ കഴിയുന്ന ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം കുറവുകൾ പരിഹരിച്ച് സുഗമമായി നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്, വിശദാംശം വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ